LIBRARY ARCHIVES Kerala Legislative Assembly

വാണിജ്യ ബാങ്കുകളുമായി ചേർന്ന് ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഉടമകൾക്ക് എ.ടി.എം സൗകര്യം ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിരുന്നുവെങ്കിലും ആയതിന് റിസർവ് ബാങ്കിന്റെ അനുമതി ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

ട്രഷറി ഇടപാടുകളുടെ കമ്പ്യൂട്ടർവത്കരണം

83(5242) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:

ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറി ഇടപാടുകൾ കമ്പ്യൂട്ടർവത്കരിച്ചതിന് ശേഷമുണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ?

സംസ്ഥാനത്തെ മുഴുവൻ ട്രഷറി ഇടപാടുകളും ഓൺലൈനായിട്ടാണ് നടക്കുന്നത്. ട്രഷറിയിൽനിന്നുമുള്ള എല്ലാ പേമെന്റും ഇലക്ട്രോണിക്കായി ഇടപാടുകാരുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. തന്മൂലം പണമിടപാടിലെ കാലതാമസം ഒഴിവായി. കൂടാതെ ഇടനിലക്കാരെ ഒഴിവാക്കുകവഴി ഇടപാട് സുതാര്യമായി. സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട എല്ലാ വരവുകളും ഓൺലൈനായി സ്വീകരിക്കുന്നതിനായി ഇ-ട്രഷറി നടപ്പിലാക്കിയതോടുകൂടി 24x7 രീതിയിൽ ഇന്ത്യയിൽ എവിടെനിന്നും പണം സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിന് കഴിയുന്നു. ഇതര വകുപ്പുകളുടെ സോഫ്റ്റ്വെയറുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള സൗകര്യം ഇ-ട്രഷറിക്കുള്ളതുകൊണ്ട് ഇടപാടുകാർക്ക് പല സ്ഥലത്ത് കയറിയിറങ്ങേണ്ട സാഹചര്യം ഒഴിവായി. ഇ-ബിൽ ബുക്ക് ഏർപ്പെടുത്തിയതോടുകൂടി ട്രഷറിയിലേയ്ക്കുള്ള ബിൽ സമർപ്പണം കൂടുതൽ സുഗമമായി. ബില്ലുകൾ ഓൺലൈനായി സമർപ്പിക്കുന്നതുകൊണ്ടും പേപ്പർലെസ് ബിൽ സിസ്റ്റത്തിലേയ്ക്ക് മാറുന്നതുകൊണ്ടും ഇടപാടുകൾക്ക് ട്രഷറിയിലേയ്ക്ക് പോകേണ്ട സാഹചര്യം ഒഴിവായി. ധനസ്ഥിതിയുടെ തൽസ്ഥിതി ലഭിക്കുന്നതുമൂലം ധനകാര്യ മാനേജ്മെന്റ് കൂടുതൽ വേഗത്തിലും ശരിയായും എടുക്കുന്നതിന് കഴിയുന്നു. കണക്കുണ്ടാക്കുന്നതും അത് അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കുന്നതും വേഗത്തിലും സുഗമവുമായിത്തീർന്നു.

(ബി) നെറ്റ്വർക്കിന്റെയും സോഫ്റ്റ്വെയറിന്റെയും സർവ്വറിന്റെയും ന്യൂനതമൂലം ഇടപാടുകാർക്കുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

നിലവിലെ ട്രഷറി സർവ്വർ 8 വർഷം പഴക്കമുള്ളതായിരുന്നു. മാത്രവുമല്ല, ട്രഷറി ഇടപാടുകളുടെ വർദ്ധിച്ചുവരുന്ന ബാഹുല്യത്തിനനുസൃതമായി പ്രവർത്തിക്കാൻ തക്കവണ്ണം ശേഷിയുമുണ്ടായിരുന്നില്ല. ഇത് പരിഹരിക്കുന്നതിനായി ഉയർന്ന സ്പെസിഫിക്കേഷനുള്ള പുതിയ സർവ്വർ വാങ്ങി 05/2021-ൽ സ്ഥാപിച്ചു. ട്രഷറി സോഫ്റ്റ്വെയറിലോ നെറ്റ്വർക്കിലോ എന്തെങ്കിലും തകരാറ് കണ്ടെത്തിയാൽ ഉടൻ തന്നെ പരിഹരിക്കാറുണ്ട്.

(സി) കോവിഡ് കാലത്തും ട്രഷറി സേവനങ്ങൾക്കായി ഇടപാടുകാർ നേരിട്ട് വരേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് സൗകര്യപ്രദമായ തരത്തിൽ എ.ടി.എം. കൗണ്ടറുകൾ സ്ഥാപിക്കുന്നതിനും ഇടപാടുകൾ സംബന്ധിച്ച വിവരങ്ങൾ അപ്പോൾത്തന്നെ എസ്.എം.എസ്. മുഖേന നൽകുന്നതിനും ആവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോ?

റ്റി.എസ്.ബി അക്കൗണ്ടുകളിൽനിന്ന് എ.ടി.എം.വഴി പണം പിൻവലിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നെങ്കിലും RBI-യുടെ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ട്രഷറി ഇടപാടുകൾക്ക് SMS-alert നൽകുന്നതിനുള്ള സോഫ്റ്റ്വെയർ നിർമ്മാണം പുരോഗമിക്കുന്നു.

(ഡി) ട്രഷറി മുഖേനയുള്ള സാമ്പത്തിക ഇടപാടുകളുടെ സുരക്ഷിതത്വവും സുതാര്യതയും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനുതകുന്ന പ്രചരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആലോചിക്കുമോയെന്ന് വ്യക്തമാക്കുമോ?

ട്രഷറി വകുപ്പിന്റെ വെബ്സൈറ്റ് മുഖേനയും ട്രഷറികൾ മുഖേന ഇടപാടുകാർക്ക് പരസ്യ നോട്ടീസുകൾ വിതരണം ചെയ്തും ജീവനക്കാരുടെയും പെൻഷൻകാരുടെയും സംഘടനകളുടെ സഹായത്തോടെ അവരുടെയിടയിൽ പ്രചാരണം നടത്തിയും വാട്ട്സ് ആപ് സന്ദേശങ്ങൾ പ്രചരിപ്പിച്ചും എഫ്.എം റേഡിയോ മുഖേന പരസ്യം നൽകിയും പൊതുജനസമ്പർക്ക വകുപ്പിന്റെ സഹായത്തോടെയും ട്രഷറി നൽകുന്ന സേവനങ്ങളെക്കുറിച്ചും റ്റി.എസ്.ബി ഓൺലൈൻ-നെക്കുറിച്ചും ട്രഷറി ഇടപാടുകളുടെ സുരക്ഷിതത്വത്തെക്കുറിച്ചും വ്യാപക പ്രചാരണം വകുപ്പ് നൽകിവരുന്നുണ്ട്.

ലോട്ടറി കച്ചവടം നടത്തുന്നവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ

84(5243) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി കച്ചവടം നടത്തുന്ന പാവപ്പെട്ടവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?